Rs. 25/-

jaagrathayude **Keraleeyam**
2014 August/September

# സിറിഞ്ച് കടത്തൽ: ഇമേജ് മാലിന്യ സംസ്കരണ പ്ലാന്റ് വീണ്ടും പ്രതിക്കൂട്ടിൽ

**ഇന്ത്യൻ** മെഡിക്കൽ അസോസിയേഷന്റെ മലമ്പുഴയിലെ ഇമേജ് മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും ഉപയോഗിച്ച സിറിഞ്ച് കടത്തിയത് നാട്ടുകാർ തടഞ്ഞ സംഭവത്തോടെ മലിനീകരണ പ്രശ്നമുണ്ടെന്ന് പരിസ്ഥിതി പ്രവർത്തകർ നാളുകളായി ഉന്നയിക്കുന്ന ഇമേജ് പ്രതിസ്ഥാനത്തായിരിക്കുകയാണ്. 2014 ആഗസ്റ്റ് 17നാണ് സംസ്കരിക്കാത്ത സിറിഞ്ച് ലോറിയിൽ നിറച്ച് മലമ്പുഴ കഞ്ചിക്കോട് റോഡിലൂടെ പോകുന്നതിനിടെ രാത്രി നാട്ടുകാരാണ് തടഞ്ഞത്. ലോറിയിൽ നിന്നും സിറിഞ്ച് വഴിയിൽ വീഴുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നാട്ടുകാർ സംഘടിച്ച് ലോറി തടഞ്ഞത്. ഉടൻ കസബ പോലീസ് സ്ഥലത്തെത്തി ലോറി കസ്റ്റഡിയിലെടുത്തു. രോഗങ്ങൾ പടരാനിടയാകും വിധം മാലിന്യങ്ങൾ കൊണ്ടുപോയതിന് ലോറി ഡ്രൈവർ തമിഴ്നാട് സ്വദേശി സുകുമാറിനെതിരെ പോലീസ് കേസെടുത്തു.തമിഴ്നാട്ടിലെത്തിച്ച് ഇവ സംസ്കരിച്ച് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമിക്കാനാണ് കൊണ്ടുപോകുന്നതെന്നാണ് പറയപ്പെടുന്നത്. ഇതിന്റെ തുടർ നടപടികൾ നിശ്ചയിക്കേണ്ടത് മലിനീകരണ നിയന്ത്രണ ബോർഡാണ്. സംസ്കരിക്കാതെ മാലിന്യം കടത്തിയ സംഭവത്തിന്റെ പേരിൽ ഇമേജിനെതിരെ നടപടിയെടുക്കേണ്ടതാണ്. സിറിഞ്ചുകൾ റീസൈക്കിൾ ചെയ്ത് വീണ്ടും വിപണിയിലെത്തിക്കുന്നുണ്ടോയെന്നത് അന്വേഷിക്കപ്പെടണം. നിലവിൽ സിറിഞ്ചുകൾ ഒരു ഉപയോഗം കഴിഞ്ഞാൽ നശിപ്പിക്കണമെന്നാണ് വ്യവസ്ഥ.

കേരളത്തിലെ ആദ്യത്തെ ആശുപത്രി മാലിന്യ സംസ്കരണശാലയായ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ) കേരള ഘടകത്തിന്റെ ഉടമസ്ഥതയിലുള്ള ഇമേജ് 2003 ഡിസംബറിലാണ് മലമ്പുഴയിൽ പ്രവർത്തനം തുടങ്ങിയത്. (ഐ.എം.എ.ഗോസ് ഇക്കോഫ്രണ്ട്‌ലി എന്നതിന്റെ ചുരുക്കെഴുത്താണ് ഇമേജ്). മാന്തുരുത്തി വനമേഖലയിലെ അയ്യപ്പൻകുന്നിന്റെ ചെരുവിലാണ് പ്ലാന്റ് സ്ഥാപിച്ചത്. കോട്ടയത്തും കണ്ണൂരിലും സമാനമായ പ്ലാന്റ് സ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. കേരളത്തിലുണ്ടാകുന്ന അപകടകാരിയായ ആസ്പത്രി മാലിന്യത്തിൽ മൂന്നിലൊന്ന് സംസ്ക്കരിക്കുന്നത് ഇവിടെയാണ്. സംസ്ഥാനത്തെ 14 ജില്ലകളിൽ ആസ്പത്രികളിലും ലബോറട്ടറികളിലും നിന്ന് ദിവസവും നേരിട്ടു ശേഖരിച്ച് മാലിന്യം ഇവിടെ എത്തിച്ച് സംസ്ക്കരിക്കുന്നുണ്ട്. ഐ.എം.എ.യുടെ വകയായുള്ള 23 ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന സംസ്ക്കരണപ്ലാന്റിൽ, 5700 ചതുരശ്രഅടി വരുന്ന മുഖ്യകെട്ടിടം, മാലിന്യവുമായെത്തുന്ന ട്രക്കുകൾ കഴുകി അണുമുക്തമാക്കാനുപയോഗിക്കുന്ന 2000 ചതുരശ്രഅടി സിമന്റ് തറ, ജലസംസ്ക്കരണപ്ലാന്റ്, ഇൻസിനറേറ്ററുമായി ബന്ധിപ്പിക്കപ്പെട്ട 30 മീറ്റർ ഉയരമുള്ള പുകക്കുഴൽ, മാലിന്യങ്ങൾ ഭസ്മീകരിക്കുമ്പോൾ ലഭിക്കുന്ന ചാരം മറവുചെയ്യുന്ന ലാൻഡ്ഫിൽ പ്രദേശം എന്നിവ ഉൾപ്പെടുന്നു. ജി.ജെ.മൾട്ടിവേവ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിനെയാണ് ഇമേജിന്റെ നടത്തിപ്പ് ചുമതല ഐ.എം.എ ഏൽപ്പിച്ചിട്ടുള്ളത്. കേരളത്തിലെ ആസ്പത്രികളിൽ കിടക്കയൊന്നിന് 1.3 മുതൽ രണ്ട് കിലോഗ്രാംവരെ ഖരമാലിന്യവും 450 ലിറ്റർ ദ്രവമാലിന്യവും ദിനംപ്രതി ഉണ്ടാകുന്നു എന്നാണ് കണക്ക്. അതിൽ 85 ശതമാനം സാധാരണ നഗരമാലിന്യത്തോടൊപ്പം സംസ്ക്കരിക്കാം. ചികിത്സയുടെയും പരിശോധനകളുടെയും ശസ്ത്രക്രിയകളുടെയും ഭാഗമായുണ്ടാകുന്ന അണുബാധയുള്ള അപകടകാരിയായ മാലിന്യം പത്തുശതമാനം വരും, അഞ്ചു ശതമാനം വിഷമാലിന്യവും. അണുബാധയുള്ള മാലിന്യങ്ങളും ശരീരഭാഗങ്ങളും ഒരു കാരണവശാലും മറ്റ് മാലിന്യവുമായി കൂടിക്കലരാൻ പാടില്ല. അത് അത്യുന്നത ഊഷ്മാവിൽ എരിച്ചുകളയുകയാണ് (ഇൻസിനറേറ്റ് ചെയ്യുക) ചെയ്യേണ്ടത്. ശസ്ത്രക്രിയാവേളയിൽ നീക്കംചെയ്യുന്ന ശരീരഭാഗങ്ങൾ, പ്രസവവേളയിൽ നീക്കംചെയ്യുന്ന മറുപിള്ള (പ്ലാസന്റ), മുറിവുകെട്ടാനുപയോഗിച്ച ബാൻഡേജുകൾ, തുണി, രക്തവും പഴുപ്പും പറ്റിയ പഞ്ഞി, ഒടിവ് ചികിത്സയ്ക്കുപയോഗിച്ച പ്ലാസ്റ്റർ ഓഫ് പാരീസ്, ലാബ് പരിശോധനകളുടെ അവശിഷ്ടങ്ങൾ, മെഡിക്കൽ പരീക്ഷണങ്ങളുടെ ഭാഗമായുള്ള മാലിന്യങ്ങൾ തുടങ്ങിയവയാണ് ഇൻസിനറേറ്റ് ചെയ്യാവുന്ന മാലിന്യങ്ങൾ. ഉപയോഗിച്ച സൂചികളും സിറിഞ്ചുകളുമൊക്കെ ഒരു കാരണവശാലും പുനരുപയോഗം നടത്താൻ ഇടയാകരുത്. അണുമുക്തമാക്കിയ ശേഷം അവ കഷണങ്ങളാക്കി മാറ്റണം എന്നാണ് വ്യവസ്ഥ. എന്നാൽ ഈ വ്യവസ്ഥകളൊന്നും പാലിക്കാതെയാണ് ഇമേജ് പ്രവർത്തിക്കുന്നതെന്ന് പരാതിയുണ്ട്. സിറിഞ്ച് കടത്തിയ സംഭവം അതിന് തെളിവായി മാറിയിരിക്കുന്നു. വനമേഖലയിൽ വനേതര പ്രവർത്തനങ്ങൾ പാടില്ലെന്ന ചട്ടം ലംഘിച്ചാണ് ഇമേജ് പ്രവർത്തിക്കുന്നതെന്ന് പരാതിയുണ്ട്. ഭാരതപ്പുഴയുടെ പോഷകനദിയായ കോരയാറിന് സമീപത്താണ് പ്ലാന്റ്. ഇത് മലമ്പുഴ ജലാശയത്തെയും ബാധിക്കുമെന്ന് കാണിച്ച് സാമൂഹിക പ്രവർത്തകനായ ഡോ. പി.എസ്. പണിക്കർ മനുഷ്യാവകാശ കമ്മീഷന് പരാതി നൽകിയിട്ടുണ്ട്. മലമ്പുഴ ജലാശയം സമീപത്തില്ല എന്ന് കാണിച്ചാണ് ഇമേജ് പ്രവർത്തനാനുമതി നേടിയത് എന്നതിന് തെളിവുണ്ട്. അപേക്ഷയിൽ സമീപമുള്ള പല സ്ഥാപനങ്ങളിലേക്കുമുള്ള ദൂരം കൃത്യമായി എഴുതിയിട്ടും ഒരു കിലോമീറ്ററിൽ താഴെ മാത്രം ദൂരമുള്ള മലമ്പുഴ ജലാശയത്തെക്കുറിച്ച് ഒരു സൂചന നൽകിയിട്ടില്ല. 28,000 ഹെക്ടർ നെൽകൃഷിക്ക് പുറമെ പാലക്കാട് മുനിസിപ്പാലിറ്റിയിലും സമീപത്തെ എട്ട് പഞ്ചായത്തുകളിലുമുള്ള പത്ത് ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നത് മലമ്പുഴ ജലാശയത്തിൽ നിന്നാണ്. പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളിലെ 25 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളത്തിനും കൃഷിക്കും ഉതകുന്ന ഭാരതപ്പുഴയുടെ പോഷക നദിയായ കോരയാർ ഒഴുകുന്നത് ഇമേജിൻെറ പിൻവശത്തുകൂടിയാണ്. പ്ലാന്റിന്റെ പ്രവർത്തനം സമീപത്തെ കർഷകരെ പ്രതികൂലമായി ബാധിച്ചിരുന്നു. കൃഷിയിടങ്ങളിലെ മലിനീകരണം ശ്രദ്ധയിൽപ്പെട്ട മനുഷ്യാവകാശ കമ്മീഷൻ നഷ്ടപരിഹാരം നൽകാൻ ഇമേജിനോട് ആവശ്യപ്പെട്ടിരുന്നു.മാലിന്യങ്ങൾ കത്തിക്കുമ്പോൾ ഉണ്ടാവുന്ന പുകയും കറുത്തപൊടിയും പരിസരവാസികൾക്ക് ബുദ്ധിമുട്ടിക്കുന്നുണ്ട്. ആശുപത്രി മാലിന്യങ്ങൾ കത്തിക്കുമ്പോൾ പുറംതള്ളുന്ന വായുവിലെ ഡയോക്സിൻ എന്ന ഘടകം ക്യാൻസർ, വൃക്കരോഗങ്ങൾ, ആമാശയരോഗങ്ങൾ എന്നിവക്ക് കാരണമാവും.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021.
Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com